ഉത്തരം

(എ) 828 തസ്തികകൾ.

(ബി) 316 തസ്തികകൾ.

വില്ലേജ്/താലൂക്ക് പുനഃസംഘടന

16 [2905] ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് പുതുതായി എത്ര വില്ലേജുകളും താലൂക്കുകളും പുനഃസംഘടിപ്പിക്കുന്നതിനാണ് നടപടികൾ പൂർത്തിയാക്കിയതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

സംസ്ഥാനത്തെ വില്ലേജ്/താലൂക്ക് പുനഃസംഘടനാ നടപടികൾ പൂർത്തിയാക്കിയിട്ടില്ല. ടി ആവശ്യത്തിന്മേൽ നിർദ്ദേശങ്ങൾ സമർപ്പിക്കാൻ റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയായിരുന്ന ശ്രീ. എസ്. സുന്ദരേശനെ ഏകാംഗ കമ്മീഷനായി സർക്കാർ നിയമിച്ചിരുന്നു. അദ്ദേഹം ഫോർവേഡ് മാർക്കറ്റ്സ് കമ്മീഷൻ ചെയർമാനായി നിയമിക്കപ്പെട്ടതിനെ തുടർന്ന് കമ്മീഷന്റെ പ്രവർത്തനം നിലച്ചിരിക്കുന്നു. പുതിയ കമ്മീഷനെ നിയമിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. കമ്മീഷന്റെ നിർദ്ദേശങ്ങൾ ലഭിക്കുന്ന മുറയ്ക്ക് മാത്രമേ പുതിയ താലൂക്കുകളുടെ രൂപീകരണം സാദ്ധ്യമാകൂ.

താലൂക്ക് ലാന്റ് ബോർഡുകളുടെ പുനഃസംഘടന

17 [2906] ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) താലൂക്ക് ലാന്റ് ബോർഡുകളുടെ പുനഃസംഘടനാ പൂർത്തീകരണം എവിടെവരെയായി എന്ന് വിശദമാക്കുമോ;

(ബി) പുനഃസംഘടിപ്പിക്കാത്തവ എന്ന് പൂർത്തീകരിക്കും എന്ന് വ്യക്തമാക്കാമോ;

(സി) കണ്ണൂർ ജില്ലയിലെ താലൂക്ക് ലാന്റ് ബോർഡ് അംഗങ്ങൾ ആരൊക്കെയാണെന്ന് പേരുസഹിതം വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly